കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നെന്മാറ ഗ്രാമപഞ്ചായത്ത്

2015-16

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dopkd.ksad@kerala.gov.in

നം.കെ.എസ്.എ-പികെഡി18/227/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 08.02.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെന്മാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെന്മാറ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം കെ എസ് എ-പികെഡി18/227/2017 തീയതി – 08.02.2017

പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെന്മാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 5.10.2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുണ്ട്. പഞ്ചായത്ത് 8.8.15 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകൊളാന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും സെപ്റ്റംബർ മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശൊധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിൻെറ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക (2015-16)

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.എൻ.വാസുദേവൻ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.11.2016 മുതൽ 18.11.2016 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | കെ ജി റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | മുഹമ്മദ് ഫാറൂഖ്.കെ.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | സുജാത.എ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

ശ്രീമതി.വി ലക്ഷ്മിക്കുട്ടി 1.4.2015 മുതൽ 31.11.2015 വരെ

ശ്രീമതി.കെ പ്രേമൻ 1.11.2015 മുതൽ 31.3.3016വരെ

സെക്രട്ടറി

| | | |
|---|---|---|
| 1 | ഇ ഷാജഹാൻ | 1-4-2015 മുതൽ 6-12-2015 വരെ |
| 2 | കെ രാധാകൃഷ്ണൻ | 7-12-2015 മുതൽ 29-12-2015 വരെ |
| 3 | ഉണ്ണികൃഷ്ണപിള്ള | 30-12-2015 മുതൽ 27-1-2016 വരെ |
| 4 | ഇ ഷാജഹാൻ | 27-1-2016 മുതൽ 31-3-2016വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
|---|---|---|---|
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| കൃഷി ഓഫീസർ | 1 | രശ്മി പോൾ | 1-4-2015മുതൽ 18-12-2015വരെ |
| കൃഷി ഓഫീസർ | 2 | സ്വാതിലക്ഷ്മി | 18-12-2015മുതൽ 31-03-2015വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | 1 | യേശുദാസൻ | 1-4-2015മുതൽ 15-5-2015വരെ |
| | 2 | CR മനോജ്കുമാർ | 15-5-2015മുതൽ 24--6-2015വരെ |
| | 3 | ബിനീഷ് | 25--6-2015മുതൽ 18-6-2015വരെ |
| | 4 | VHഅബ്ദുൾ കരിം | 18-6-2015മുതൽ 31-3-2015വരെ |
| മെഡിക്കലാഫീസർ (പി എച്ച്സി) | 1 | Dr.ലീനാകുമാരി | 1-4-2015മുതൽ 27-11-2015വരെ |

| | | | |
|---|---|---|---|
| | 2 | Dr.ജോവിൻജോസ് | 27-11-2015മുതൽ 31-3-2015വരെ |
| മെഡിക്കലാഫീസർ (ആയുർവ്വേദം) | | Dr.രമ എസ് | 18-6-2015മുതൽ വരെ |
| | | | മുതൽ വരെ |
| വെറ്ററിനറി സർജ്ജൻ | | Dr.ജയശ്രീ | 1-4-2015മുതൽ 31-3-2016വരെ |
| പ്രധാന അദ്ധ്യാപിക | | ടിഡികൊച്ചുത്രേസ്യ | 1-4-2015മുതൽ 31-3-2016വരെ |
| വിഇഒ(സർക്കിൾ1) | | ഷിജു | 1-4-2015മുതൽ 31-3-2016വരെ |
| ഐസിഡിഎസ്സ് സൂപ്പർവൈസർ | | കെ ചെല്ല | 1-4-2015മുതൽ 31-3-2016വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |

| | | |
|---|---|---|
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഡി&ഒ ഫീസ് വാർഡ് തിരിച്ച് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. | 2(1) |
| 2 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾ വ്യാപാരാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. | 2(2) |
| 3 | ലൈവ് സ്റ്റോക്ക് ലൈസൻസ് ഈടാക്കിയില്ല. | 2(3) |
| 4 | തൊഴിൽനികുതി വ്യാപാരസ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല. | 2(4) |
| 5 | വസ്തുനികുതി കുറവായി അസസ്സ് ചെയ്തത് നഷ്ടം ഈടാക്കുക | 2(5) |
| 6 | തനത് ഫണ്ടിൽ പലിശ വരവില്ല | 2(6) |
| 7 | അനധികൃത ഇഷ്ടിക ചൂള നടപടി സ്വീകരിക്കണം | 2(7) |
| 8 | വസ്തുനികുതി ഡിമാന്റ് അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2(8) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അവശേഷിക്കുന്ന പദ്ധതി ഫണ്ട് തിരിച്ചടക്കേണ്ടതാണ്. | 3(1) |
| 2 | നിർബ്ബന്ധിത വകയിരുത്തൽ പ്രോജക്റ്റ് നിർവ്വഹണം നടത്തിയില്ല. | 3(2) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | ഓഡിറ്റ് റിക്കവറി | 4(5) |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 29-2-2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-6-2016 | 31-6-2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 9-11-2016 | KSA-PKD11/227/17 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -41695502/-

വരവ് – 65774536/-

ആകെ – 107470038/-

ചെലവ് – 96838388/-

നീക്കിയിരിപ്പ്-10631650/-

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻ ബാക്കി | മറ്റ് ഫണ്ടുകളിൽ നിന്നും പിൻ വലിച്ച് നിക്ഷേപിച്ച തുക | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3170868 | 12240063 | 15562003 | 30972934 | 15000021 | 15972913* | 0 |
| വികസന ഫണ്ട് ടി എസ് പി | 250000 | | 630000 | 880000 | - | 250000**<br>630000* | 0 |
| വികസന ഫണ്ട് എസ്.സി.പി | 4858987 | | 10263736 | 15122723 | 5811401 | 2499736** | 0 |
| | | | | | | 6811586* | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 1218228 | | 4281000 | 5499228 | 4589489 | 909739* | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 3273323 | | 11154000 | 14427323 | 12935593 | 1491730* | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | | | | 803* | 0 |
| | 3789945 | | 9302999 | 13092944 | 10158638 | 2933503** | |
| പെർഫോമൻസ് ഗ്രാന്റ് | 6556824 | | | | | | 0 |

(*) സർക്കാരിലേക്ക് തിരികെ അടച്ചത്.

(**) വി.പി.എഫ്.എ 2 വിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്.

(***) റോഡ് അക്കൗണ്ടിലേക്ക് മാറ്റിയ തുക.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (എണ്ണം) | (എണ്ണം) | |
| 206 | | 184 | | 6 | 4 | 86 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 2000000/- | 2000000/- | 100% |
| വെറ്ററിനറി സർജൻ | 3 | 2 | 1777320/- | 131500/- | 7.39% |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 1 | 1 | 450000/- | 350000/- | 78% |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 0 | 0 | 0 | 0 | 0 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 600000/- | 600000/- | 100 |
| വി.ഇ.ഒ. | 14 | 9 | 1468936/- | 1468936/- | 52% |
| എൽ.വി.ഇ.ഒ. | | | | | |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 4878261/- | 4050174/- | 83% |
| സെക്രട്ടറി | 32 | 22 | 16576283/- | 10395358/- | 63% |
| പ്രധാനാദ്ധ്യാപിക | 4 | 4 | 2313935/- | 2304290/- | 100% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 156 | 149 | 50184811/- | 25646905/- | 50% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 400000/- | 400000/- | 100% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)HIV-AIDS ബാധിതരുടെ മക്കൾക്ക് സ്കോളർഷിപ്പ്.

2)പശുവളർത്തൽ വനിത.

3)സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ.

4)യുവതികൾക്ക് ടൈലറിംഗ് യൂണിറ്റ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം5% അഞ്ച്ശതമാനം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5955830 | 5701443 | -254387 | |
| നികുതിയേതര വരവുകൾ | 3131684 | 3827169 | +695485 | |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | -- | - | - | |
| ആകെ | 9087514 | 9528612 | +441098 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | അപേക്ഷകരുടെ എണ്ണം | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാരണം |
|---|---|---|---|---|
| തൊഴിൽരഹിത വേതനം | 30 | 20 | | |
| കർഷകതൊഴിലാളി പെൻഷൻ | 61 | 56 | 5 | 10പുനരന്വേഷണം |
| വിധവാപെൻഷൻ | 111 | 94 | 12 | 5പുനരന്വേഷണം |
| വാർദ്ധക്യകാലപെൻഷൻ | 486 | 430 | 56 | |
| വികലാംഗപെൻഷൻ | 26 | 20 | | |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9 | 9 | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.16 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9105/- രൂപ ക്യാഷ്നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-10-2016 | 1-9-16 മുതൽ 30-9-16 | 5-11-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-3-2006 | 1997മുതൽ<br>2002 | 23-7-2009 |

## 1-11 ഒഴിവാക്കി

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി& ഒ ലൈസൻസ് ഫീസ് -വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

നെമ്മാറ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ കണ്ടെത്തി വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസില്ലാതെ ഏതെങ്കിലും സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുക ദുഷ്കരമാണ്. സ്വമേധയാ ലൈസൻസിന് അപേക്ഷിച്ച് വരുന്നവരിൽ നിന്നു മാത്രം ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്ന സമ്പ്രദായമാണ് അനുവർത്തിച്ചു പോരുന്നത്. ഡി& ഒ ലൈസൻസ് കുടിശ്ശിക തൻവർഷം ഈടാക്കിയതായും കാണുന്നു.

കേ പ രാ ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമ പഞ്ചായത്തു നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ല. ഈ വ്യവസ്ഥ പ്രകാരം ഫീൽഡ് പരിശോധന നടത്തി വാർഡുതിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരസ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് ഫീസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

അപേക്ഷകളിൽ നിത്യേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. കൂടാതെ അന്വേഷണ റിപ്പോർട്ട് ഇല്ലാതെയാണ് മിക്ക ലൈസൻസുകളും അനുവദിച്ചിട്ടുള്ളത്.

## 2-2 പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങൾ വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്നു

പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിൽ വ്യാവസായികാവശ്യത്തിനുള്ള കെട്ടിടങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു.

| കെട്ടിടനം. | ലൈസൻസിയുടെ പേര് | ഡി&ഒ ക്രമ നം. | ഉപയോഗം | ഉടമയുടെ പേര് | റിമാർക്സ് |
|---|---|---|---|---|---|
| 12/78 | സുബൈർ.വി.എ, നിയർ ഫോറസ്റ്റ് ചെക്ക് പോസ്റ്റ് | 366/27.6.15 | റെസ്റ്റോറന്റ് | ഫിലോമിനി | $52m^2$ വിസ്തൃതിയുള്ള കെട്ടിടം വസ്തുനികുതി 188രൂപ |
| 8/54 | കെ.ബി.മീരമല്ലിക ആർ.എം.നിവാസ്, വിത്തനശ്ശേരി | 486/10.8.15 | മസാലപ്പൊടി നിർമാണം | | $74m^2$ വിസ്തൃതിയുള്ള കെട്ടിടം വസ്തുനികുതി -358 രൂപ |
| 20/72 | ഹരിദാസ് കവളപ്പാറ ആനമാറി കോടിപാടം, എരട്ടക്കുളം | 595/13.10.15 | ത്രീ വീലർ സ്പെയർ പാർട്സ് | | $40m^2$ വിസ്തൃതി യുള്ള കെട്ടിടം വസ്തുനികുതി -240 രൂപ |
| 2/133 | സ്വപൻഭക്ഷി. കരയങ്കോട്, ആനമാറി കോടിപാടം, എരട്ടക്കുളം | 586/28.9.15 | പൈൽസ് ക്ലിനിക് | | $40m^2$ വിസ്തൃതിയുള്ള കെട്ടിടം, വസ്തുനികുതി -240 രൂപ |

## 2-3 ലൈവ്സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

ഡി&ഒ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ കോഴി ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നതായി കാണുന്നു. ഡി&ഒ ലൈസൻസ് ഫീസിനത്തിൽ തുക

ഈടാക്കിയിട്ടുണ്ടെങ്കിലും 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടം അനുസരിച്ചുള്ള ലൈവ്സ്റ്റോക്ക് ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ്(അ)നം.101/2012/തസ്വഭവ തിയതി 13-4-2012 പ്രകാരം പ്രാബല്യത്തിൽ വന്ന 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2) ഫോറം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കോഴിഫാമുകളും ഡയറി ഫാമുകളും ലൈവ്സ്റ്റോക്ക് ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. താഴെ ചേർത്തിട്ടുള്ള വ്യക്തികളുടെ കോഴിഫാമുകൾ ലൈവ്സ്റ്റോക്ക് ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

| ക്രമ നം. | ഡി & ഒ നം. | വാർഡ് നം.<br>കെട്ടിട നം. | ഉടമസ്ഥരുടെ പേരും<br>വിലാസം | സ്ഥാപനത്തിന്റെ വിവരം |
|---|---|---|---|---|
| 1 | 223 | 14 | വാസു.പി, ശ്രീപാദം<br>കൊല്ലയൻകാട്, ചാത്തമംഗലം | കോഴിഫാം |
| 2 | 385 | 10 | ഹിമജോസ്,<br>എരുമക്കാട്ടിൽപറമ്പിൽ, മുകുന്ദപുരം | കോഴിഫാം |

അപേക്ഷകൾ പൂർണ്ണമായി പരിശോധിച്ച് ബാധകമായ ചട്ടങ്ങൾ എല്ലാം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ലൈവ്സ്റ്റോക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി- വ്യാപാര സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കുന്നില്ല

1996 ലെ കേ പ രാ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകുകയോ, വ്യാപാര സ്ഥാപനങ്ങൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. വ്യാപാരസ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അപേക്ഷയിൽ കാണിക്കുന്ന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഉടമയിൽ നിന്നു മാത്രമാണ് നികുതി ചുമത്തുന്നത് . ഇക്കാരണത്താൽ ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് പഞ്ചായത്തിന് അറിയാൻ സാധിക്കുന്നില്ല, കൂടാതെ അവരിൽ നിന്നെല്ലാം ലഭ്യമാകുമായിരുന്ന നികുതി ഇുക നഷ്ടപ്പെടുകയും ചെയ്യുന്നു. വ്യപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

2) സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ വിട്ടുപോയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല

3)താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | റിമാർക്സ് |
|---|---|---|
| ഗുരുവായൂരപ്പൻ ഏജനസീസ് | I&II | സ്ഥാപന തൊഴിൽനികുതി |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, നെമ്മാറ | I&II | സ്ഥാപന തൊഴിൽനികുതി |
| എൽ. ഐ. സി. ഓഫ് ഇന്ത്യ | I&II | സ്ഥാപന തൊഴിൽനികുതി |

| | | |
|---|---|---|
| ഐ.സി.ഐ.സി.ഐ. ബാങ്ക് | I&II | സ്ഥാപന തൊഴിൽനികുതി |
| കോപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ,നെമ്മാറ | I&II | സ്ഥാപന തൊഴിൽനികുതി |

## 2-5 വസ്തുനികുതി കുറവായി അസസ് ചെയ്തതുമൂലം നഷ്ടമായ തുക ഈടാക്കണം

വസ്തുനികുതി കുറവായി അസസ് ചെയ്തതുമൂലം നഷ്ടമായ തുക ഈടാക്കണം.

വാണിജ്യാടിസ്ഥാനത്തിൽ നിർമിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി അസസ് ചെയ്തിട്ടുള്ളത് കുറഞ്ഞ നിരക്കിലാണ്. സ.ഉ19,20/2011/തസ്വഭവതീയതി-14.1.11 പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിച്ച് 15.10.11 തീയതിയിലെ 4 ാം നം. തീരുമാനപ്രകാരം നെമ്മാറ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതിയുടെ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം 100 മീറ്റർ സ്ക്വയറിൽ കൂടുതൽ വിസ്തൃതിയുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പ്, ഗോഡൗൺ എന്നിവക്ക് നിശ്ചയിച്ചിട്ടുള്ള കെട്ടിടനികുതി നിരക്ക് 50 രൂപ പ്രകാരമാണ്. എന്നാൽ 100 മീറ്റർ സ്ക്വയറിൽ കൂടുതൽ വിസ്തൃതിയുള്ള താഴെപ്പറയുന്ന വ്യാവസായികാടിസ്ഥാനത്തിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി അസസ് ചെയ്തപ്പോൾ 100m2കുറഞ്ഞ കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലുള്ള 30 രൂപ പ്രകാരമുള്ള നികുതി ഈടാക്കിയതുമൂലം താഴെപ്പറയുന്ന രീതിയിൽ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ വിസ്തൃതി | ആവശ്യം | അസസ് ചെയ്ത തീയതി | വർദ്ധനവിന്റെ ശതമാനം | കുറവ് | ഈടാക്കിയ തുക | | | ഈടാക്കേണ്ട തുക | | | കുറവ് | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | വസ്തു നികുതി | സർവീസ് സെസ് 15% | ലൈബ്രറി സെസ് 5% | വസ്തു നികുതി | സർവീസ് സെസ് | ലൈബ്രറി സെസ് | വസ്തു നികുതി | സർവീസ് സെസ് | ലൈബ്രറി സെസ് |
| 16/ 830 | മുഹമ്മദ്, പുത്തൻതറ, നെമ്മാറ | 322.21 | ഹോട്ടൽ | 9.9.15 | 35 | 20 | 11116 | 1667 | 556 | 18527 | 2779 | 926 | 7411 | 1112 | 370 |
| 16/ 830A | മുഹമ്മദ്, പുത്തൻതറ, നെമ്മാറ | 187.80 | ഹോട്ടൽ | 9.9.15 | 35 | 20 | 7606 | 1141 | 380 | 12677 | 1902 | 634 | 5071 | 761 | 254 |
| 16/ 978A | എം.ഡി. പീറ്റർ, മ്യാലിൽ ഹൗസ് | 143.68 | ഷോപ്പ് | 17.8.15 | 35 | - | 5832 | 875 | 292 | 9698 | 1454 | 485 | 3866 | 579 | 193 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 18/ 331A | പാറു, ആലംപാറതോട്ടം | 223.92 | ഗോഡൗൺ | 27.11.15 | - | 10 | 6046 | 907 | 302 | 11015 | 1652 | 551 | 4969 | 745 | 249 |
| 2/ 453E | ബിജു വർക്കി | 130.4 | ടൈയ്ലർ ഷോപ്പ് | 27.11.15 | 35 | - | 5266 | 790 | 263 | 8802 | 1320 | 440 | 3536 | 530 | 177 |
| 2/ 453F | ബിജു വർക്കി | 130.4 | ടൈയ്ലർ ഷോപ്പ് | 27.11.15 | 35 | - | 5266 | 790 | 263 | 8802 | 1320 | 440 | 3536 | 530 | 177 |
| 2/ 453K | ബിജു വർക്കി | 143.08 | ടൈയ്ലർ ഷോപ്പ് | 27.11.15 | 35 | - | 5794 | 869 | 290 | 9658 | 1449 | 423 | 3864 | 580 | 133 |
| 2/ 453L | ബിജു വർക്കി | 130.4 | ടൈയ്ലർ ഷോപ്പ് | 27.11.15 | 35 | - | 5266 | 790 | 263 | 8802 | 1320 | 440 | 3536 | 530 | 177 |
| 2/ 453M | ബിജു വർക്കി | 130.4 | ടൈയ്ലർ ഷോപ്പ് | 27.11.15 | 35 | - | 5266 | 790 | 263 | 8802 | 1320 | 440 | 3536 | 530 | 177 |
| ആകെ കുറവ് | | | | | | | | | | | | | 39322 | | |

കുറവ് തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ ഈ അസസ്സ്മെന്റ് അനുസരിച്ച് മാറ്റം വരുത്തേണ്ടതാണ്.

## 2-6 തനത് ഫണ്ട് അക്കൗണ്ടിൽ പലിശയിനത്തിൽ വരവില്ല. പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടമുണ്ടാകുന്നു

2015-16 വർഷത്തെ വാർഷികകണക്ക് സർട്ടിഫിക്കേഷൻ ചെയ്യുന്നതിനായി പരിശോധന നടത്തിയതിൽ തനത് ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിൽ പലിശയിനത്തിൽ തുകയൊന്നും ലഭ്യമാവുന്നില്ലെന്ന് കണ്ടെത്തി.

വിത്തനശ്ശേരി സർവീസ് സഹകരണബാങ്കിലാണ് തനത് ഫണ്ടിന്റെ തുകകൾ നിക്ഷേപിച്ചു വരുന്നത്. ഓഡിറ്റ് കാലയളവിലൊന്നും ഈ അക്കൗണ്ടിൽ പലിശയിനത്തിൽ യാതൊരു തുകയും വരവായിട്ടില്ലെന്ന് വ്യക്തമായി. പലിശ ലഭ്യമാവാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം.5) നാളിതുവരെ ഈ അക്കൗണ്ടിന് ബാങ്കിൽ നിന്നും പലിശ ലഭ്യമായിട്ടില്ലെന്നും ഭരണസമിതി തീരുമാനമെടുത്ത് അക്കൗണ്ട് ദേശസാൽകൃത ബാങ്കിലേക്ക് മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 2-7 അനധികൃതമായി പ്രവർത്തിക്കുന്ന ഇഷ്ടിക ചൂളകൾക്കെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്

അനധികൃതമായി പ്രവർത്തിക്കുന്ന ഇഷ്ടിക ചൂളകൾക്കെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഇഷ്ടികനിർമാണം/ശേഖരണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്. ഇഷ്ടിക നിർമാണത്തിന് ആവശ്യമായ മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി

മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൺസെന്റ് ടു ഓപ്പറേറ്റ്, തൊഴിൽ വകുപ്പിന്റെ അനുമതി, ഫാക്ടറീസ് ഇൻസ്പെക്ടറുടെ അനുമതി എന്നീ നിരാക്ഷേപസാക്ഷ്യപത്രങ്ങൾ ഹാജരാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. നിരാക്ഷേപസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇഷ്ടിക നിർമാണത്തിന് ലൈസൻസ് അനുവദിച്ചിട്ടില്ല എന്നും ഇഷ്ടിക ശേഖരണത്തിനും വിതരണത്തിനും മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ലഭ്യമാക്കിയ മറുപടി വിശ്വസനീയമല്ല. ഫീൽഡ്തല പരിശോധനയിലൂടെ ഇഷ്ടികനിർമാണം നടക്കുന്നുണ്ടോയെന്ന് ഉറപ്പാക്കേണ്ടതാണ്.ലൈസൻസ് എടുത്തവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷാ നം. | പേര് | കച്ചവടസ്ഥാപനം | ലൈസൻസ് ഫീസ് | രസീതി നം./ തീയതി |
|---|---|---|---|---|
| 335 | അബൂബക്കർ.എം.<br>എം.ആർ മൻസിൽ<br>ചാത്തമംഗലം | ഇഷ്ടിക വിതരണം | 4000 | 11402110435/ 24.3.15 |
| 345 | ഓമനക്കുട്ടൻ<br>കാലക്കശ്ശേരി<br>തിരുത്തംപാടം | ഇഷ്ടിക വിതരണം | 4000 | 11402110439/ 24.3.15 |
| 346 | ടി.കെ.ശശി<br>കാലക്കശ്ശേരി, തിരുത്തംപാടം | ഇഷ്ടിക വിതരണം | 4000 | 11402110441/ 24.3.15 |
| 356 | റംഷാദ്.എ,<br>എം.ആർ.മൻസിൽ<br>പുത്തൻതോട്ടം | ഇഷ്ടിക വിതരണം | 4000 | 11402110437/ 24.3.15 |
| 626 | കെ.കോമളം,<br>പടിഞ്ഞാറെവീട്<br>നൊച്ചുകുളം | ഇഷ്ടിക വിതരണം | 4000 | 11502105844/ 9.12.15 |
| 700 | ഷാജു,<br>കാരയിൽ വീട്<br>ആലംപാറ | ഇഷ്ടിക വിതരണം | 4000 | 11502106817/ 2.2.16 |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന ഇഷ്ടിക ചൂളകളിൽ നിയമാനുസൃതം ആവശ്യമായ അനുമതി പത്രങ്ങൾ ലഭ്യമാക്കുന്നവയ്ക്ക് മാത്രം ഡി & ഒ ലൈസൻസ് നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതും അല്ലാതെയുള്ളവ നിർത്തലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ടി ഇഷ്ടിക കളങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപനത്തിന്റെയും ജീവനക്കാരുടെയും തൊഴിൽനികുതി തുടങ്ങിയവ ഈടാക്കി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം തന്നെ പ്രകൃതിക്കും മനുഷ്യർക്കും ഒരുപോലെ ദോഷം ചെയ്യുന്ന പ്രവർത്തനങ്ങൾ നിർത്തലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കോള്ളേണ്ടതുമാണ്.

## 2-8 വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമല്ല.

വസ്തുനികുതി പിരിവ് സഞ്ചയ സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും 31.3.16 തീയതിയിലെ ഡിമാന്റ്, അരിയർ തുകകൾ വ്യക്തമാക്കുന്നതിന് വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. തയ്യാറാക്കിയ വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അവശേഷിക്കുന്ന പദ്ധതിഫണ്ട് തുക തിരിച്ചടക്കണം

നെമ്മാറഗ്രാമപഞ്ചായത്തിൽ പദ്ധതികൾക്കായി പണമിടപാടുകൾ നടത്തുന്നത് നോൺബാങ്കിംഗ് ട്രഷറിയായ കൊല്ലങ്കോട് ട്രഷറിയിലാണ്. ട്രഷറിയിൽനിന്നും പണമായി ലഭിക്കുന്ന പദ്ധതിഫണ്ട് തുക യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലുള്ള പ്ലാൻഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഡിഡിയായി ചെലവഴിക്കുകയാണ് ചെയ്തുവരുന്നത്. 2015-16 വർഷത്തെ വാർഷികകണക്ക് സർട്ടിഫിക്കേഷൻ ചെയ്യുന്നതിനായി പരിശോധന നടത്തിയതിൽ 31.3.16 തീയതിയിൽ 2112410 രൂപയും നിലവിൽ 2831708 രൂപയും ഈ അക്കൗണ്ടിൽ നീക്കിയിരുപ്പ് കാണുന്നു. 2016-17 വർഷത്തിൽ ബാങ്കിംഗ് ട്രഷറിയായി മാറിയിട്ടുള്ളതിനാൽ പണം പിൻവലിച്ച് ഈ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല്ല. G.O.(P)177/2006 /Fin,12.4.2006പ്രകാരം പ്ലാൻ ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പ് തുകയൊന്നും അവശേഷിക്കുവാൻ പാടുള്ളതല്ല. അവശേഷിക്കുന്ന തുക ഏതെല്ലാം പദ്ധതികൾക്ക്, ഏത് വർഷത്തിൽ ലഭ്യമായതാണെന്നോ മറ്റ് ഫണ്ടുകൾ ഉൾപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ചും വ്യക്തതയില്ല. പ്ലാൻഫണ്ടിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ ഏതെല്ലാം തുകകൾ ഉൾപ്പെടുന്നുണ്ടെന്ന് കണ്ടെത്തി പ്ലാൻ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-2 നിർബ്ബന്ധിത വകയിരുത്തലുകൾ പ്രോജക്റ്റ് നിർവ്വഹണം നടത്തിയില്ല.

2015-16 സാമ്പത്തിക വർഷത്തിൽ യുവജന വികസന പരിപാടിക്ക് വേണ്ടിയുള്ള നിർബ്ബന്ധിത വകയിരുത്തൽ 814400/- രൂപ ആയിരുയിരുന്നു.എന്നാൽ ടി വർഷത്തിൽ 1300000/-രൂപയുടെ പ്രോജക്റ്റ് വയ്ക്കുകയും ആയതിന് വാർഷിക പദ്ധതി അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സാമ്പത്തിക വർഷത്തിൽ മേല്പ്പറഞ്ഞ യുവജന വികസന പരിപാടിക്ക് വേണ്ടി യാതൊരു തുകയും ചെലവഴിച്ചില്ല. നിർബ്ബന്ധിത വകയിരുത്തലുകൾ വാർഷിക പദ്ധതി അംഗീകാരത്തിനുമാത്രമാകരുത്. പ്രോജക്റ്റുകളുടെനിർവ്വഹണം കൂടി ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർനല്കിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കുവാനവശേഷിക്കുന്ന തുക |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിട്ടി | കച്ചേരിപ്പാറ കുടിവെള്ള പദ്ധതി | 100000/- | 100000/- | ഒന്നുമില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പ്പയുടെ പേര് | വായ്പ്പാത്തുക | തിരിച്ചടക്കുവാൻ ബാക്കി | തിരിച്ചടച്ച തുക | ബാക്കി |
|---|---|---|---|---|
| EMS-Housing | 10100000 | 4170000 | 1010000 | 3160000 |
| Kerala Grama Vikasana Corparation | 257678<br>2319097 | 2576776<br>2319097 | 2576775 | 2319097 |

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച1000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2009-10മുതൽ2010-11 | | 85615/- | എം.ജെ ചാക്കോ. | 11508900002/ 30.1.16 |
| | 3(6) | 10431/- | കെ.രാധാകൃഷ്ണൻ | 11502107815/ 3.316 |
| | 3(7) | 303 | | 11502107815/ 3.316 |
| | 2(3)b | 3500/- | | 11502104185/ 14.9.15 |
| | 2(3)a | 1250/- | | 11502102614/ 12.6.15 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2726380/- |
| തൻവർഷം നിക്ഷേപിച്ച തുക | 1441993/- |
| ആകെ | 1468373/- |

| | |
|---|---|
| തന്നാണ്ടിൽപിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന തുക | 4168373/- |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-17<br>(11) | 2005-06 | 2.58.1 | കരിങ്കല്ല് ലേലം | ആർആർ നടപടികൾക്കായി കത്ത് നല്കി. |
| 2009-10 | 3-20 | 2010-11 | - | VFPCK | ആർആർ കത്ത് നല്കി. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107470038 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 96838388 |
| വരവിനങ്ങളിലുള്ള നഷ്ടം | 39322/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല. |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 39322/- | - | സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

- ഒന്നുമില്ല-

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇ. ഷാജഹാൻ | സെക്രട്ടറി<br>നെന്മാറ ഗ്രാമ പഞ്ചായത്ത് | ഇടത്തറ, ദാറുസലാം, മോരാംകുന്ന്, കാളാങ്കുളം, വടക്കഞ്ചേരി-678683 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി.10-486/01/12-6-2001 | പുനരഭിപ്രായക്കുറിപ്പ് |
| 1997-98 | എൽ.എഫ്.പി.10-825/02/6-2-2003 | ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | എൽ.എഫ്.പി.10-825/02/6-2-2003 | ഓഡിറ്റ് റിപ്പോർട്ട് |
| 1999-2000 | എൽ.എഫ്.പി.12-242/09/8-5-2010 | കത്ത്- തുടർനടപടികളുടെ വിവരം |
| 2000-01 | എൽ.എഫ്.പി.12-202/09/6-5-2010 | ഫർദർ റിപ്പോർട്ട് |
| 2001-02 | എൽ.എഫ്.പി.12-247/09/6-5-2010 | പുനരഭിപ്രായക്കുറിപ്പ് |
| 2002-03 | എൽ.എഫ്.പി.12-986/06/5-4-2008 | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി.12-987/05/7-2-2006 | ഓഡിറ്റ് റിപ്പോർട്ട് |
| 2004-05 | എൽ.എഫ്.പി.12-23/09/5-1-2010 | കത്ത്-തുടർ നടപടികളുടെ വിവരം |
| 2005-06 | എൽ.എഫ്.പി.11-239/10/4-1-2011 | ഫർദർ റിപ്പോർട്ട് |
| 2006-07<br>2007-08<br>2008-09 | എൽ.എഫ്.പി.18-895/11/27-10-2011 | പുനരഭിപ്രായക്കുറിപ്പ് |
| 2009-10<br>2010-11 | എൽ.എഫ്.പി.18-2191/12/6-5-2013 | പുനരഭിപ്രായക്കുറിപ്പ്- ചാർജ്ജ് സർചാർജ്ജ് പ്രൊപ്പോസൽ |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.പി.18-46/14/2-4-2014 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി.18-643/15/24.8.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14<br>2014-15 | കെ.എസ്.എ-പികെഡി18/1416<br>/16/9.8.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി18/227/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

ഫോൺ - 04912420145

e-mail – dopkd.ksad@kerala.gov.in

തിയതി - 08-02-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ നെമ്മാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെമ്മാറ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം തിട്ടപ്പെടുത്തി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി കുടിശ്ശിക തുകകളും തൻ വർഷ നീക്കിയരിപ്പ് തുകകളും ഡി.സി.ബി സ്റ്റേറ്റ്മെന്റ്, സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ട്രഷറി - തനത് ഫണ്ട് (VPFA1-2) പാസ് ബുക്ക് റിക്കൺസിലിയേഷൻ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD18/227/2017

Kerala State Audit Department

District Audit Office

Palakkad

Date –08-02-2017

Audit Certificate

Certified that I have audited the Annual Financial Statement of NEMMARA Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of NEMMARA Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1) Asset values not ascertained and linked with Sankhya.

2)The figures shown as the arrear & current balance of property tax (2015-16) inAFS, are not in agreement with the figures shown in DCB statement and Sanchaya Software.

3 Treasury own Fund (VPFAI-2) Not reconcilled. Pass book not produced

Deputy Director